# ലേബർ കമ്മീഷണറുടെ നടപടിക്രമം

(സാന്നിദ്ധ്യം : അർജ്ജുൻ പാണ്ഡ്യൻ IAS)

വിഷയം : തൊഴിൽ വകുപ്പ് – ലോകസഭ തിരഞ്ഞെടുപ്പ് 2024 ഏപ്രിൽ 26 വോട്ടെടുപ്പ് നടക്കുന്ന ദിവസം സ്വകാര്യ സ്ഥാപനങ്ങൾ/ഐ.ടി. മേഖല, പ്ലാന്റേഷൻ മേഖല എന്നിവടങ്ങളിലെ ജീവനക്കാർക്ക് വേതനത്തോടുകൂടിയ അവധി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

വായന: ജി.ഒ.(ആർ.ടി.)നം. 1436/2024/GAD തീയതി 26.03.2024

**ഉത്തരവ് നമ്പർ LCO/2087/2024-En(2) തീയതി: 08/04/2024**

ലോകസഭ തിരഞ്ഞെടുപ്പ്-2024 രണ്ടാം ഘട്ട പോളിംഗ് 26.04.2024 തീയതി കേരളത്തിൽ നടത്തുന്നതിനായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുള്ളതും സൂചന ഉത്തരവ് പ്രകാരം പോളിംഗ് തീയതിയിൽ സംസ്ഥാനത്തെ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് അവധി നൽകുന്നതിനായി പ്രത്യേക നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും സ്ഥാപനത്തിലോ വാണിജ്യ സ്ഥാപനത്തിലോ വ്യവസായ സ്ഥാപനത്തിലോ വ്യാപാര സ്ഥാപനത്തിലോ മറ്റേതെങ്കിലും സ്ഥാപനത്തിലോ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതും ലോകസഭാ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിന് അർഹതയുമുള്ള ആളുകൾക്ക് വോട്ട് രേഖപ്പെടുത്തുന്നതിന് വേതനത്തോടുകൂടിയുള്ള അവധി നൽകണമെന്നും എന്നാൽ അപ്രകാരം ഒരാളിന് അവധി അനുവദിക്കുന്നതിന് അയാൾ ഏർപ്പെട്ടിരിക്കുന്ന തൊഴിലിന് ആപത്ക്കരമോ സാരവത്തായ നഷ്ടമോ ഇടവരുന്നുണ്ടെങ്കിൽ അയാൾക്ക് വോട്ട് രേഖപ്പെടുത്തുന്നതിന് പ്രത്യേക അനുമതി നൽകണമെന്നും ഇതിനാൽ ഉത്തരവാകുന്നു.

സ്വന്തം ജില്ലയ്ക്ക് പുറത്ത് ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന സംസ്ഥാനത്തെ വോട്ടർമാർക്ക് ബന്ധപ്പെട്ട വോട്ടെടുപ്പ് ദിവസം ജില്ലയിലെ പോളിംഗ് സ്റ്റേഷനിൽ പോയി വോട്ട് ചെയ്യുന്നതിന് തൊഴിലുടമ പ്രത്യേക അനുമതി നൽകണമെന്നും ഉത്തരവാകുന്നു. (വേതനത്തോടുകൂടി)

മേൽ ഉത്തരവ് ഐ.ടി. മേഖല, പ്ലാന്റേഷൻ മേഖല എന്നിവ ഉൾപ്പെടെയുള്ള എല്ലാ സ്വകാര്യ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കുന്നതാണ്. എല്ലാ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ, ജില്ലാ ലേബർ ഓഫീസർമാർ (ഇ) എന്നിവർ മേൽ ഉത്തരവ് നടപ്പിലാക്കാൻ വേണ്ട ക്രമീകരണം ചെയ്യേണ്ടതാണ്.

(ഒപ്പ്)
ലേബർ കമ്മീഷണർ

പകർപ്പ് :

1. എല്ലാ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർക്കും
2. എല്ലാ ജില്ലാ ലേബർ ഓഫീസർ(ഇ)മാർക്കും
3. മേൽ ഉത്തരവിന്റെ പകർപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുവാൻ ഐ.ടി.സെൽ നടപടി സ്വീകരിക്കേണ്ടതുമാണ്.
4. പബ്ലിസിറ്റി ഓഫീസർ
5. ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട് (En)

ഡി.ആർ.